

കവിത

## കാക്കയും കോഴിയും.

**കാക്കശ്ശേരി**

കാക്കയും കോഴിയും ഒത്തുകൂടി
പിന്നെയവർ തമ്മില് കൊത്തുകൂടി .
കൊക്കൊക്കോ ഞാനൊന്നു കൂവിയെങ്കിൽ
മാത്രമേ നേരം വെളുക്കയുള്ളൂ !
പൂങ്കോഴിച്ചാത്തന്റെ വമ്പു കേട്ട്
കാക്കക്ക് കൊക്കിലരിശം വന്നു.
ഇക്കാണും ഞാലിപ്പൂവാഴക്കയ്യിൽ
ചെന്ന് ഞാനൊന്നു കാ കാ വിളിച്ചാൽ
എത്തും വിരുന്നുകാർ ഇന്നു വീട്ടില്
പിന്നെ നീ ചട്ടിയിൽ ചില്ലിചിക്കന് !
എങ്കിലും നേരം വെളുക്കും നാളെ
വങ്കത്തം കൂവല്ലേ നാട് നീളെ !

*******